ശബരിമലയിൽ ആരോഗ്യപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

145 (2700) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ ശബരിമല ക്ഷേത്രത്തിലേക്കുള്ള പരമ്പരാഗത കാനനപാത ഉൾപ്പെടെയുള്ള ശരണ പാതകളിൽ ഹൃദയാഘാതത്തിൽ തളർന്നുവീണ് ആവശ്യമായ ചികിത്സ ലഭിക്കാതെ മരണപ്പെട്ട തീർത്ഥാടകർ എത്രയാണ് ;

(ബി) എരുമേലിയിൽ നിന്നും ആരംഭിക്കുന്ന പരമ്പരാഗത കാനന പാതയിൽ ഓക്സിജൻ പാർലറുകൾ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) എരുമേലിയിലെ അലോപ്പതി ആരോഗ്യ കേന്ദ്രത്തിൽ കാർഡിയോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) എരുമേലിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ആശുപത്രി സമുച്ചയം പണിപൂർത്തീകരിച്ചിട്ടുണ്ടോ ; ആശുപത്രി ഉടനെ പ്രവർത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല ക്ഷേത്രത്തിലേക്കുള്ള പരമ്പരാഗത കാനനപാത ഉൾപ്പെടെയുള്ള ശരണപാതയിൽ 2011 മുതൽ 2013 വരെയുള്ള കാലത്ത് 74 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) സീസൺ സമയത്ത് 5 സ്ഥലങ്ങളിൽ മെഡിക്കൽ ടീം പ്രവർത്തിക്കുന്നുണ്ട്. കാനനപാതയിൽ ഓക്സിജൻ പാർലറുകൾ ആരംഭിക്കുന്ന കാര്യം ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) ആരോഗ്യ വകുപ്പിൽ കാർഡിയോളജിസ്റ്റ് ലഭ്യമല്ലാത്തതിനാൽ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആശുപത്രി സമുച്ചയത്തിന്റെ പണി പൂർത്തീകരിച്ചുവരുന്നു. പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly